# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2012 ജൂലൈ 6, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

മി. സ്പീക്കർ: സംസ്ഥാനത്തെ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ 40–ൽ താഴെ വിജയശതമാനമുള്ളവ അടച്ചുപൂട്ടാൻ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിച്ചതിനുശേഷവും അത്തരം കോളേജുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ടിരിക്കുന്നതുമൂലം വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകുമെന്ന് പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്,

എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സംസ്ഥാനത്ത് വിജയശതമാനം 40-ൽ താഴെയുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്നതുസംബന്ധിച്ച ഹൈക്കോടതി വിധി ഔദ്യോഗികമായി ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്. കോളേജുകളിലെ ക്വാളിറ്റി ഡീ-ഗ്രേഡ് ചെയ്യുന്നതുസംബന്ധിച്ച് നടപടികളെടുക്കണമെന്ന് കോടതി നിർദ്ദേശിച്ചതിനെത്തുടർന്ന് നിയമിച്ച ഇൻസ്പെക്ഷൻ കമ്മിറ്റി എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് കോടതിയിൽ സമർപ്പിക്കുകയും കോടതി ആവശ്യപ്പെട്ടതുനുസരിച്ച് ഇൻസ്പെക്ഷൻ നടത്തിയ കോളേജുകളുടെ വിജയശതമാനം യൂണിവേഴ്സിറ്റികളിൽ നിന്ന് ശേഖരിച്ചുകൊടുക്കുകയും ചെയ്തു. ഈ കാര്യങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി സർക്കാർ തലത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി നിയമിച്ച എക്സ്പർട്ട് കമ്മിറ്റി ഇൻസ്പെക്ഷൻ കമ്മിറ്റി റിപ്പോർട്ട് പരിശോധിക്കുകയും കോളേജുകളുടെ പ്രതിനിധികളിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നിശ്ചിത വിജയശതമാനം നിർബന്ധമാക്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കുകയും പുതിയ കോളേജുകൾ അനുവദിക്കുന്നതിനുമുൻപ് സർക്കാർ തലത്തിൽ പരിശോധന നടത്തണമെന്ന് തീരുമാനിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ എം.ടെക് കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> 2008–11 കാലയളവിൽ 40 ശതമാനം വിജയം നേടാനാകാത്ത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടുകയോ താൽക്കാലികമായി പ്രവേശനം നിർത്തിവയ്ക്കുകയോ ചെയ്ത് അവയുടെ നിലവാരം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും നിലവാരമില്ലാത്ത കോളേജുകളിൽ പഠിക്കുന്ന കുട്ടികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റണമെന്നുമാണ് ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകളുടെ വിജയശതമാനം കുറയുന്ന സാഹചര്യത്തിൽ ഈ വിധി നടപ്പായാൽ ബഹുഭൂരിപക്ഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും പൂട്ടേണ്ട അവസ്ഥ വരും. സ്വകാര്യ–സർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ കേരളത്തിൽ പുതിയ കോളേജുകളുടേയും കോഴ്സുകളുടേയും പ്രസക്തിയില്ലെന്നാണ് കോടതിയുടെ നിഗമനം. എ.ഐ.സി.റ്റി.ഇ.–യുടെ നിബന്ധനകൾ പാലിക്കാത്ത കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. സ്വാശ്രയ കോളേജുകൾ സ്ഥാപിക്കാൻ അനുമതികൊടുത്തശേഷം അവ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നില്ല. ദേശീയ ഏകീകൃത പരീക്ഷ കേരളത്തിൽ നടപ്പാക്കിയിട്ടില്ല. രജിസ്ട്രാറുടെ നിബന്ധനയ്ക്ക് വിരുദ്ധമായി സിൻഡിക്കേറ്റിന്റെ ഉപസമിതി ഇൻസ്പെക്ഷൻ നടത്തി പശ്ചാത്തല സൗകര്യങ്ങളില്ലാത്ത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് അനുമതി കൊടുക്കാൻ ശുപാർശ ചെയ്തിരിക്കുകയാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരവും വിജയ ശതമാനവും കുറഞ്ഞുവരുന്നത് സംസ്ഥാനത്തെ

ദോഷകരമായി ബാധിക്കുമെന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2008 മുതൽ 2011 വരെയുള്ള കാലഘട്ടത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇൻസ്പെക്ഷൻ കമ്മിറ്റി പരിശോധിക്കുകയും റിപ്പോർട്ട് കൊടുക്കുകയും ചെയ്തിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകൾ ഉന്നത നിലവാരത്തിൽ പ്രവർത്തിക്കണമെന്നുള്ളതുകൊണ്ടുതന്നെയാണ് ഹൈക്കോടതി നിരീക്ഷണം വന്നപ്പോൾത്തന്നെ ഈ ഗവൺമെന്റ് ഇൻസ്പെക്ഷൻ കമ്മിറ്റിയേയും പിന്നീട് എക്സ്പർട്ട് കമ്മിറ്റിയേയും നിയോഗിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. എ.ഐ.സി.ടി.ഇ.-യുടേയും യൂണിവേഴ്സിറ്റിയുടേയും അംഗീകാരം ലഭിച്ചശേഷമാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഗവൺമെന്റ് അനുമതി കൊടുക്കുന്നത്. കോടതിവിധി പഠിച്ചതിനുശേഷം നിലവിലുള്ള കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതാണ്. അൽ-ഹിന്ദ് എഡ്യൂക്കേഷണൽ ട്രസ്റ്റിന് ഈ ഗവൺമെന്റ് അനുമതി നൽകിയിട്ടില്ല. എല്ലാവരേയും വിശ്വാസത്തിലെടുത്തുകൊണ്ട് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഉന്നത വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ മനസ്സിലാക്കി ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ആദ്യമായി സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ

കോളേജുകൾ അനുവദിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ സ്വാശ്രയ മേഖലയിൽ ധാരാളം കോളേജുകളുണ്ടെങ്കിലും അവിടെ അടിസ്ഥാന സൗകര്യങ്ങളിലും മറ്റും പോരായ്മകളുണ്ട്. ഫാക്കൽറ്റികളുടെ കുറവ് നികത്തുന്നതിനായി ഈ വർഷം തന്നെ എം.ടെക്. കോഴ്സ് കൂടുതൽ കോളേജുകളിൽ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് പ്രവേശനത്തിന് വിദ്യാർത്ഥികളുടെ മിനിമം മാർക്ക് 50% എന്നതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകി ആവശ്യത്തിന് അദ്ധ്യാപകരെയും നിയമിച്ച് തുടങ്ങാൻ സാധിക്കുന്ന കോളേജുകൾക്ക് മാത്രമേ ഗവൺമെന്റ് അംഗീകാരം നൽകുകയുള്ളൂ. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസവും ഫിഷറീസ് സർവ്വകലാശാലയ്ക്ക് സ്ഥലവും

ശ്രീ. എസ്. ശർമ്മ: 2009-ൽ പ്രവർത്തനമാരംഭിച്ച മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം 48,355 മത്സ്യത്തൊഴിലാളികളുടെ 115 കോടി രൂപയുടെ എൻ.സി.ഡി.സി. കടവും 9,891 മത്സ്യത്തൊഴിലാളികളുടെ 11.82 കോടി രൂപയുടെ ഹഡ്കോ ഭവന വായ്പാ കുടിശ്ശികയും എഴുതിത്തള്ളിയിട്ടുണ്ട്. കമ്മീഷന്റെ 2, 3 റിപ്പോർട്ടുകളുടെ ശുപാർശ പ്രകാരം 10,094 മത്സ്യത്തൊഴിലാളികളുടെ മത്സ്യഫെഡ് മുഖേനയുള്ള കടബാധ്യത ഏറ്റെടുക്കുന്നതിന് 12.44 കോടി രൂപ അനുവദിക്കുകയും 32,168 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹകരണ ബാങ്ക് വായ്പകളിൽ പരമാവധി 75,000 രൂപയുടെ കടാശ്വാസം അനുവദിക്കാൻ വേണ്ടിവരുന്ന 241 കോടി രൂപയിൽ 100 കോടി രൂപ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്; ബാക്കി തുക ബഡ്ജറ്റിൽ വകയിരുത്തി കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. സഹകരണ വകുപ്പ് മുഖേന പ്രീ-ആഡിറ്റ് ചെയ്ത് കടാശ്വാസ സംഖ്യ വകയിരുത്തുന്ന നടപടി പൂർത്തീകരിക്കാത്തതിനാൽ ബാങ്കുകൾ മത്സ്യത്തൊഴിലാളികൾക്കെതിരെ റിക്കവറി നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. വായ്പയെടുത്ത തുകയുടെ മുതലിൽ കടാശ്വാസ തുക വകവയ്ക്കുന്നതിന് പകരം

പലിശയിലും പിഴപ്പലിശയിലുമായി തുക തട്ടിക്കിഴിക്കുന്ന സംവിധാനം അവസാനിപ്പിക്കാൻ നിർദ്ദേശം നൽകണം. പുതുവൈപ്പിനിലുള്ള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ 50 ഏക്കർ സ്ഥലത്തിൽനിന്ന് 20 ഏക്കർ സ്ഥലം എൽ.എൻ.ജി. പവർ പ്ലാന്റിനുവേണ്ടി കൈമാറുന്നതിനെതിരെ ഉയർന്ന പ്രതിഷേധം കണക്കിലെടുത്ത് ആ തീരുമാനം പെന്റിംഗിൽ വയ്ക്കുകയോ പവർ പ്ലാന്റിന് വേറെ സ്ഥലം കണ്ടെത്തി നൽകുകയോ ചെയ്യണം. വകുപ്പു മന്ത്രിയും ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് അഭിപ്രായ സമന്വയത്തിലെത്തിയശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാവൂ.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഇതുവരെ നടത്തിയ തെളിവെടുപ്പുകളുടെ അടിസ്ഥാനത്തിൽ 9,891 മത്സ്യത്തൊഴിലാളി കളുടെ 11.82 കോടി രൂപയുടെ ഹഡ്കോ ഭവന വായ്പയും 48,355 മത്സ്യത്തൊഴിലാളികളുടെ 115 കോടി രൂപയുടെ എൻ.സി.ഡി.സി. വായ്പാ കുടിശ്ശികയും എഴുതിത്തള്ളിയിട്ടുണ്ട്. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തവർക്ക് കടാശ്വാസം നൽകുന്നതിന് അർഹരായ 37,194 പേരുടെ ലിസ്റ്റ് 4-ാം ഘട്ട ശുപാർശയായി കടാശ്വാസ കമ്മീഷൻ തന്നിട്ടുണ്ട്. ഇവരുടെ അക്കൗണ്ടുകൾ പ്രീ-ആഡിറ്റ് ചെയ്ത് കടാശ്വാസ തുക ബന്ധപ്പെട്ട അക്കൗണ്ടുകളിൽ വകയിരുത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം മത്സ്യത്തൊഴിലാളികൾ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുക ളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്കുകൂടി ആശ്വാസം നൽകുന്നതിനെ സംബന്ധിച്ച് സംസ്ഥാന ബാങ്കേഴ്സ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും

അഭിപ്രായം ചോദിക്കുകയും ചെയ്തിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിച്ച് അർഹതയുള്ള എല്ലാ അപേക്ഷകർക്കും കടാശ്വാസം നൽകുന്നതാണ്. മൊറട്ടോറിയം കാലാവധി 2012 ഡിസംബർ മാസം 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കടാശ്വാസ തുക മുതലിൽ വകവയ്ക്കുന്നതിന് പകരം പലിശയിലും പിഴപ്പലിശയിലും ഈടാക്കുന്നതുസംബന്ധിച്ച ആശയക്കുഴപ്പങ്ങൾ പരിഹരിക്കാനും കടാശ്വാസ കമ്മീഷന്റെ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥരുടെയും ബാങ്കുകളുടെയും പേരിൽ ക്രിമിനൽ നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. പുതുവൈപ്പിനിലെ ഫിഷറീസ് സർവ്വകലാശാലയുടെ 50 ഏക്കർ സ്ഥലത്തിൽനിന്ന് 20 ഏക്കർ സ്ഥലം എൽ.എൻ.ജി.-ക്ക് കൊടുക്കാനും അതിനുപകരമായി സർവ്വകലാശാലയ്ക്ക് സമീപമുള്ള കൊച്ചിൻ പോർട്ടിന്റെ 20 ഏക്കർ സ്ഥലം ക്യാമ്പസ് നിർമ്മാണത്തിനായി സർവ്വകലാശാലയ്ക്ക് ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഫിഷറീസ് സർവ്വകലാശാലയുടെ സ്ഥലം എൽ.എൻ.ജി. പവർ പ്ലാന്റിന് നൽകുന്നതുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ പവർ പ്രോജക്ടിന് യൂണിവേഴ്സിറ്റിയുടെ 20 ഏക്കർ സ്ഥലം നൽകണമെന്നും അതിനുപകരമായി അത്രയും ഭൂമി പോർട്ട് ട്രസ്റ്റ് നൽകണമെന്നും ധാരണയുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

## (2) ഇന്റർനെറ്റ് ദുരുപയോഗം

ശ്രീ. സി. മമ്മൂട്ടി : സ്ത്രീകളുടെ സ്വകാര്യതയെ ബാധിക്കുന്നതും കുട്ടികളെ തെറ്റായ വഴിക്ക് നയിക്കുന്നതുമായ സൈബർ കുറ്റകൃത്യങ്ങൾ ഇ-മെയിൽ, സോഷ്യൽ നെറ്റ്വർക്ക്, ഫേസ് ബുക്ക്, ഇന്റർനെറ്റ്

തുടങ്ങിയവയിലൂടെ അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. അശ്ലീലം പ്രചരിപ്പിക്കുന്നതിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നു വെന്നാണ് ഏറ്റവും ഒടുവിൽ പുറത്തുവന്ന കണക്കുകൾ വ്യക്തമാക്കുന്നത്. അശ്ലീല ഫോട്ടോകളും ലേഖനങ്ങളും നെറ്റിൽ പോസ്റ്റ് ചെയ്തതിന് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 27 ശതമാനം കേരളത്തിൽ നിന്നുള്ളവയാണ്. സ്ത്രീകളുടെ ഫോട്ടോ മോർഫിംഗ് നടത്തി വെബ്സൈറ്റിൽ ഇടുക, ടെക്സ്റ്റൈൽസുകളിലും മറ്റുമുള്ള ട്രയൽ റൂമുകൾ, ഹോട്ടലുകളിലെ ബാത്ത്റൂമുകൾ എന്നിവിടങ്ങളിൽ ഒളിക്യാമറ വയ്ക്കുക തുടങ്ങിയ ഹൈടെക് കുറ്റങ്ങൾ ഓരോ വർഷവും കൂടിവരികയാണ്. ഇ-മെയിൽ വഴിയും മൊബൈൽ ഫോൺ വഴിയും വ്യാപകമായി സ്ത്രീകളെ ശല്യം ചെയ്യുന്ന പ്രവണതകൾ ഗൗരവമായി കാണണം. ഇ-മെയിലുകളിലൂടെ വരുന്ന മെസ്സേജുകൾ കുട്ടികളെ അബദ്ധ സഞ്ചാരത്തിലേയ്ക്ക് നയിക്കുന്ന അത്യന്തം ഗുരുതരമായ അവസ്ഥയാണുള്ളത്. ഇന്റർനെറ്റ്‌വഴി അപേക്ഷ അയയ്ക്കുമ്പോൾ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ മോർഫിംഗ് ചെയ്ത് സോഷ്യൽ നെറ്റ്‌വർക്കിൽ ഇടുന്ന സാഹചര്യവും വന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് സ്കൂൾ കുട്ടികൾക്ക് ആവശ്യമായ അവബോധം നൽകാനും പോലീസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് ഇതിനെതിരെ ശക്തമായ സംവിധാനമുണ്ടാക്കാനും നടപടി സ്വീകരിക്കണം. ഇന്റർനെറ്റ് ദുരുപയോഗം തടയുന്നതിന് ഒരു സമഗ്ര നിയമം കൊണ്ടുവന്ന് നടപ്പിലാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സ്ത്രീകളുടെ സ്വകാര്യതയും ഡീസൻസിയും സംരക്ഷി

ക്കുന്നതിന് നിയമം ഉണ്ടാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ പല തലത്തിലും നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ കരട് തയ്യാറാക്കുന്നതിനുമുമ്പ് വനിതാ സാമാജികർ, സ്ത്രീ ശാക്തീകരണത്തിന് പ്രവർത്തിക്കുന്ന നേതാക്കൾ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് ചർച്ച ചെയ്യുന്നതാണ്. കേരളത്തിൽ 3 കോടിയോളം മൊബൈൽ ഫോൺ കണക്ഷനുകളും 15 ലക്ഷം ഇന്റർനെറ്റ് കണക്ഷനുകളുമുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്റർനെറ്റിന്റെ ദുരുപയോഗംമൂലം ധാരാളംപേർ വഞ്ചിക്കപ്പെടുന്നുണ്ട്. മൊബൈൽ ഫോൺ വഴിയുള്ള ഇന്റർനെറ്റ് കണക്ഷൻ വഴിയും സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ വഴിയും പലവിധ തട്ടിപ്പുകൾക്കും പീഡനങ്ങൾക്കും ഇരയാകുന്നവരുടെ പരാതികൾ അന്വേഷിക്കുന്നതിന് എല്ലാ ജില്ലകളിലും സൈബർ ക്രൈം എൻക്വയറി സെല്ലുകളും പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെല്ലും തിരുവനന്തപുരത്ത് സൈബർ ക്രൈം പോലീസ് സ്റ്റേഷനും പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വൈദഗ്ദ്ധ്യം കൂടുതൽ ആവശ്യമുള്ള സൈബർ കേസുകൾ തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. പകർപ്പവകാശം സംരക്ഷിക്കാനുള്ള പ്രോഗ്രാമുകളും സിനിമകളും അനധികൃതമായി വെബ് സൈറ്റുകളിൽ അപ്‌ലോഡ് ചെയ്ത് സി.ഡി.കളിൽ പകർത്തുന്ന കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് ആന്റി പൈറസി സെൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ–കോളേജ് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും മീറ്റിംഗുകളും സംഘടിപ്പിക്കുന്നതോടൊപ്പം ജനമൈത്രി പോലീസിന്റെ സഹായത്തോടെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്,

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് തുടങ്ങിയവ മുഖേന ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. ഇന്റർനെറ്റ് കഫേകളിൽ വരുന്ന വരുടെ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. മൊബൈൽ ഫോൺ ഷോപ്പുകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഇന്റർനെറ്റ് കഫേ, എന്നിവിട ങ്ങളിൽ സൈബർ കുറ്റകൃത്യങ്ങൾ നടക്കുന്നതായി വിവരം ലഭിച്ചാൽ സ്ഥാപനങ്ങൾ റെയ്ഡ് ചെയ്യുന്നതിനും കേസ് രജിസ്റ്റർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ഫോറൻസിക് ട്രെയിനിംഗ് കോഴ്സ് സി.ഡാക്ക്-ന്റെ നേതൃത്വത്തിൽ നൽകു ന്നുണ്ട്. ഗൂഗിളിന്റെ വെബ് പേജുകളിൽ വരുന്ന ആക്ഷേപകരമായ സംഗ തികൾ ബ്ലോക്ക് ചെയ്യുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഷോപ്പുകളിലും ഹോട്ടലുകളിലും ഒളിക്യാമറ വയ്ക്കുന്നതുസംബന്ധിച്ച് പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതിന് വ്യാപാരി വ്യവസായി സമൂഹ വുമായി ചർച്ച ചെയ്ത് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

**(1) ചൈനാ ക്ലേ മൈനിംഗ് കമ്പനികളുടെ പ്രവർത്തനം**

ശ്രീ. വി. ശശി : ചിറയിൻകീഴിലെ മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന ചൈനാക്ലേ മൈനിംഗ് കമ്പനികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കാൻ കളക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം. മൈനിംഗ് ആക്ടിവിറ്റി യു.ഫോം ലൈസൻസിൽ ഉൾപ്പെടു ത്താനായി കേരള പഞ്ചായത്തീരാജ്/മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതി

വരുത്തണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കണം. മൈനിംഗിനെ ത്തുടർന്ന് രൂപംകൊണ്ട അഗാധഗർത്തങ്ങൾ ഫിൽ ചെയ്യാൻ നടപടി സ്വീകരി ക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : മൈനിംഗ് ആക്ടിവിറ്റി മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ 24–11–2011–ൽ ചേർന്ന യോഗത്തിൽ 16 ചൈനാ ക്ലേ കമ്പനികൾ നിബന്ധനകൾ പാലിക്കാ തെയാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖനനം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പരിശോധി ക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ലേ കൊണ്ടുപോകുന്ന വാഹനങ്ങൾ നിബന്ധനയനുസരിച്ച് കവർ ചെയ്യുന്നു ണ്ടോയെന്നുള്ളത് സംബന്ധിച്ച അന്വേഷണവും നടത്തുന്നുണ്ട്. ഖനനംമൂലം രൂപംകൊണ്ടിട്ടുള്ള ഗർത്തങ്ങൾ ഫിൽ ചെയ്യാനുള്ള നടപടികളെടുത്തുവരിക യാണ്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും.

(2) കയർപിരി/കയർ ഫാക്ടറി മേഖലകളിലെ സ്തംഭനാവസ്ഥ

ശ്രീ. എ. എം. ആരിഫ് : കയർപിരി/കയർ ഫാക്ടറി മേഖലകളിൽ ഡിപ്പോ സമ്പ്രദായം പുനഃസ്ഥാപിച്ചതുവഴി ഇടനിലക്കാരിൽനിന്നും കയറ്റു മതിക്കാർ നേരിട്ട് ഉത്പന്നങ്ങൾ സംഭരിക്കുന്നതിനാൽ ചെറുകിട ഉത്പാദ കർക്ക് ന്യായവില ലഭിക്കാത്തതുസംബന്ധിച്ച് നടപടിയെടുക്കാനും സ്വകാര്യ സംരംഭർക്കുകീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾ തൊഴിലുറപ്പ് പദ്ധതി യിൻകീഴിൽ ജോലിക്ക് പോകുന്നതിനാൽ ഉത്പാദന മേഖലയിലുണ്ടാകുന്ന

സ്തംഭനാവസ്ഥ പരിഹരിക്കാനും ഗവേഷണ സ്ഥാപനമായ എൻ.സി.ആർ. എം.ഐ.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ പരിരക്ഷ ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കയർ മേഖല പ്രതിസന്ധി നേരിടുകയാണെന്ന വാദം പൂർണ്ണമായി ശരിയല്ല. സർക്കാർ സ്വീകരിച്ച നടപടികളിലൂടെ ചകിരിയുടെ വില കുറഞ്ഞിട്ടുണ്ട്. ഉയർന്ന വരുമാനം ലഭിക്കുന്ന നിർമ്മാണ മേഖലയിലേയ്ക്കുള്ള തൊഴിലാളികളുടെ മാറ്റം കയറിന്റെ കയറ്റുമതിയെ ബാധിക്കുന്നുണ്ട്. കയർപിരി മേഖലയിലെ മിനിമം കൂലി 210 രൂപയായി വർദ്ധിപ്പിക്കുകയും അത് ബാങ്കിലൂടെ നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി മേഖലയെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടംഗ കേന്ദ്ര സംഘം ആലപ്പുഴ സന്ദർശിച്ച് സാധ്യതാ പഠനം നടത്തിയിട്ടുള്ളതും അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ഡിപ്പോ സമ്പ്രദായം പൂർണ്ണമായും തുടച്ചുമാറ്റുന്നതിന് കയർമേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടേയും സഹകരണം ആവശ്യമാണ്. കയർ ഉൽപ്പന്ന മേഖലയിലെ തൊഴിലാളികളുടെ കൂലി 285 രൂപയായി വർദ്ധിപ്പിക്കുകയും ഉല്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കയറ്റുമതിക്കാരുടെ ഓർഡർ പരമാവധി ചെറുകിട ഉത്പാദകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി കയർ കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചുവരികയാണ്.

(3) <u>മുത്തങ്ങ ചെക്ക് പോസ്റ്റ്-ട്രാഫിക് സമുച്ചയം</u>

<u>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:</u> സുൽത്താൻ ബത്തേരിയിലെ മുത്തങ്ങ ചെക്ക് പോസ്റ്റ്-ട്രാഫിക് സമുച്ചയം അടിയന്തര പ്രാധാന്യത്തോടുകൂടി സ്ഥാപിക്കുന്നതിനും മുത്തങ്ങയിൽ നിന്നും 3 കി.മീ അപ്പുറത്തുള്ള കല്ലൂരിൽ സ്ഥലമേറ്റെടുത്ത് സമുച്ചയം സ്ഥാപിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ.എം. മാണി)</u>: മുത്തങ്ങ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിനുവേണ്ടി നൂൽപ്പുഴ വില്ലേജിൽ 26-9-11-ലെ പുതിയ റിക്വിസിഷൻ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ ഒരു ഔട്ട് ചെക്ക് പോസ്റ്റ് സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിന് 25-7-11-ന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ ഭൂമി ഏറ്റെടുക്കാനും റവന്യു വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതാണ്. മൂന്ന് കി.മീ അകലെ സ്വകാര്യ വ്യക്തിയുടെ ഓൾട്ടർനേറ്റ് സൈറ്റിന്റെ കാര്യത്തിൽ സ്യൂട്ടബിലിറ്റി പരിശോധിച്ചതിനുശേഷം ആലോചിക്കാവുന്നതാണ്.

(4) <u>കാലാവധി കഴിഞ്ഞ പാചകവാതക സിലിണ്ടറുകളുടെ ഉപയോഗം</u>

<u>ശ്രീ. പി.എ. മാധവൻ:</u> കാലാവധി കഴിഞ്ഞ പാചകവാതക സിലിണ്ടറുകൾ സ്വയം പൊട്ടിത്തെറിക്കുന്നതായി എണ്ണക്കമ്പനികൾക്കുപോലും ബോധ്യമായ സാഹചര്യത്തിൽ വിതരണ കേന്ദ്രങ്ങളിൽ സിലിണ്ടറുകൾ പരിശോധി

ക്കാനും  അപകടങ്ങളുണ്ടായാൽ എണ്ണക്കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം ലഭ്യമാക്കാനും  സർക്കാർ ഇടപെടൽ നടത്തണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വുകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):  ടെസ്റ്റ് ഡേറ്റിന്റെ കാലാവധി കഴിഞ്ഞ സിലിണ്ടറുകൾ ഡിസ്ട്രിബ്യൂട്ടേഴ്സിന് വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താൻ ബോട്ടിലിംഗ് പ്ലാന്റിൽ സ്ക്രീനിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ടെന്ന് ഓയിൽ കമ്പനികൾ അറിയിച്ചിട്ടുണ്ട്.  കാലാവധി കഴിഞ്ഞ സിലിണ്ടറുകൾ  വിതരണം ചെയ്യാതെ തിരിച്ചയയ്ക്കാൻ എല്ലാ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്റേർഡ് മേൽവിലാസത്തിൽ ഉൾപ്പെട്ട കെട്ടിടത്തിൽ വച്ച് ഗ്യാസ് സിലിണ്ടറുകൾമൂലമുണ്ടാകുന്ന അപകടങ്ങൾക്ക് ഉപഭോക്താക്കൾക്കും എൽ.പി.ജി. ഡിസ്ട്രിബ്യൂട്ടേഴ്സിനും  ഓയിൽ കമ്പനികൾ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ ജില്ലാകളക്ടർമാർക്കും ജില്ലാ സപ്ലൈ ഓഫീസർമാർക്കും ക്രോസ്സ് ചെക്കിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (5) അമ്പലപ്പുഴ സർക്കാർ കോളജ്

ശ്രീ. ജി. സുധാകരൻ:  അമ്പലപ്പുഴ സർക്കാർ കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് ഇപ്പോൾ പ്രവർത്തിക്കുന്ന സർക്കാർ ഹൈസ്കൂളിൽനിന്നും മാറ്റാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഈ കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റിന് 16–5–12–ന് ടെക്നിക്കൽ സാംഗ്ഷൻ നൽകി നിർമ്മാണ പ്രവർത്തനത്തിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ നിലവിൽ ഈ

കോളേജ് പ്രവർത്തിക്കുന്ന സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ തടസ്സം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട വർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വർഷം അധികമായി വേണ്ടിവരുന്ന മൂന്ന് ക്ലാസ്സ് മുറികൾകൂടി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ യോഗം അടിയന്തരമായി വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്.

(6) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ കവർച്ച

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലും പരിസര പ്രദേശങ്ങളിലും നടന്ന കവർച്ച വിദഗ്ദ്ധരായ പോലീസ് സംഘ ത്തെക്കൊണ്ട് അന്വേഷിപ്പിച്ച് ക്ഷേത്രവസ്തുക്കൾ വീണ്ടെടുക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ നടന്ന കവർച്ച സംബന്ധിച്ച് മാവേലിക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. നിലവിലുള്ള അന്വേഷണം ഊർജ്ജിത മാക്കുന്നതിനും ആവശ്യമെങ്കിൽ മറ്റുരീതിയിലുള്ള അന്വേഷണം നടത്തി കേസ്സ് തെളിയിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ദമ്പതികളുടെ നേരെയുണ്ടായ ആക്രമണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വട്ടപ്പാറ കാരമൂട് അനിതാ വിലാസത്തിൽ അജികുമാറിനേയും ഭാര്യ ശാന്തിയേയും ആക്രമിച്ച് പണം അപഹരിച്ച ശരണ്യകുമാറിനെയും മറ്റ് പ്രതികളേയും അറസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വട്ടപ്പാറ കാരമൂട് അനിതാ വിലാസത്തിൽ അജികുമാറും ഭാര്യ ശാന്തിയും 3.7.2012-ന് രാത്രി 9.45-ന് വേങ്കോട് എസ്.യു.റ്റി. ആശുപത്രിയിൽ പോയി മടങ്ങിവരവേ ശരണ്യകുമാറും മറ്റ് രണ്ടുപേരും ചേർന്ന് ആക്രമിക്കുകയും അവരുടെ പക്കലുണ്ടായിരുന്ന 9,000 രൂപ അപഹരിക്കുകയും ചെയ്തതിനെതിരെ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

## (8) അഴീക്കോട് ഹാർബർ നിർമ്മാണം

ശ്രീ. വി.എസ്. സുനിൽ കുമാർ: അഴീക്കോട് ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനെതിരെയുള്ള ഹൈക്കോടതി സ്റ്റേ നീക്കം ചെയ്യുന്നതിനു വേണ്ടി പോർട്ട് ഹാർബർ എന്നീ വകുപ്പുകൾ സംയുക്തമായി കോടതിയിൽ അഫിഡവിറ്റ് സമർപ്പിക്കാനും ഹാർബറിന്റെ പണി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കൊടുങ്ങല്ലൂർ തുറമുഖത്ത് വാർഫ്, ചാനൽ ബെയ്സിൻ എന്നിവയുടെ നിർമ്മാണത്തിന് സൗരാഷ്ട്ര സിമെന്റ്സിനും സുനാമി ഫണ്ട് ഉപയോഗിച്ച് ഫിഷിംഗ് ഹാർബറിനാവശ്യമായ വാർഫ് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനും അനുമതി നൽകിയിരുന്നു. പ്രവൃത്തിക്കാവശ്യമായ സ്ഥലവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ സൗരാഷ്ട്ര കമ്പനി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേ

ചെയ്യപ്പെട്ടതിനാൽ സൗരാഷ്ട്ര കമ്പനിയുമായി ഒപ്പുവച്ച എഗ്രിമെന്റും ധാരണാപത്രവും സർക്കാർ റദ്ദ് ചെയ്തു. ഇതിനെതിരെ സൗരാഷ്ട്ര സിമെന്റ്സ് കോടതിയെ സമീപിച്ചപ്പോൾ സ്റ്റേ തുടരുന്നതിന് ഉത്തരവായി. ഈ വിഷയം സംബന്ധിച്ച് സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ സൗരാഷ്ട്ര സിമെന്റ്സ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം സ്റ്റേ ഒഴിവാക്കി ഫിഷിംഗ് ഹാർബർ നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. സംയുക്തമായി അഫിഡവിറ്റ് ഹാജരാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെങ്കിൽ അതിനും സർക്കാർ തയ്യാറാണ്.

### (9) <u>മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ ഭൂമി</u>

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കായി സർക്കാർ ഏറ്റെടുത്ത അധിക ഭൂമിയിൽ കയ്യേറ്റം നടക്കുന്നതിനാൽ പ്രസ്തുത ഭൂമി വികസനപ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കാനും ആരക്കുഴയിൽ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കാനായി സ്ഥലം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): 3.8.2009-ൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം സംസ്ഥാന സർക്കാരിന് കീഴിലുള്ള ഉപയോഗശൂന്യമായ ഇറിഗേഷൻവക സ്ഥലം ഏതെങ്കിലും സേവന വകുപ്പിന് സൗജന്യമായോ, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കോ അല്ലെങ്കിൽ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പഞ്ചായത്ത് എന്നിവയ്ക്ക് മാർക്കറ്റ് വില ഈടാക്കിക്കൊണ്ടോ കൈമാറ്റം ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആരക്കുഴയിൽ

സർക്കാർ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കാനായി എം.വി.ഐ.പി. വക സ്ഥലം ലഭ്യമാക്കുന്നതുസംബന്ധിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

## (10) വിവാഹ സർട്ടിഫിക്കറ്റ്

ശ്രീ. മോൻസ് ജോസഫ്: വിവാഹ രജിസ്ട്രേഷൻ വ്യവസ്ഥകൾ ലഘൂകരിക്കാനും പ്രവാസി മലയാളികൾക്ക് സഹായകരമായ വിധത്തിൽ വിവാഹ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): വിവാഹം കഴിഞ്ഞ് 45-ാം ദിവസം മുതൽ ഒരു വർഷത്തിനകം ചെറിയ പിഴ ഈടാക്കിക്കൊണ്ടും ഒരു വർഷത്തിനുശേഷമാണെങ്കിൽ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെയും വിവാഹം രജിസ്റ്റർ ചെയ്യാമെന്നുള്ള തീരുമാനമെടുത്തത് സുപ്രീം കോടതി വിധി അനുസരിച്ചാണ്. ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുമുൻപുനടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലയളവ് 31.12.2012 വരെ ദീർഘിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ചുകൊണ്ട് സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചുവരികയാണ്. കാലതാമസം ഒഴിവാക്കുന്നതിനായി രജിസ്ട്രാർ ജനറലിന്റെ അനുമതി വേണമെന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

### (11) കോട്ടപ്പടി താലൂക്ക് ആശുപത്രിയുടെ ആധുനികവത്കരണം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം കോട്ടപ്പടി താലൂക്ക് ആശുപത്രിയിൽ ആവശ്യാനുസരണം സ്റ്റാഫിനെ അനുവദിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനും ഐ.എച്ച്.എസ്.ഡി.പി. പ്രകാരം നിർമ്മിച്ച കെട്ടിടം പ്രവർത്തനക്ഷമമാക്കാനും നടപടിയുണ്ടാകണം.

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): താലൂക്ക്-ജില്ലാ ആശുപത്രികളായി ഉയർത്തിയവയിൽ ആവശ്യമായ സ്റ്റാഫും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഡി.എച്ച്.എസ്-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോട്ടപ്പടി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നതാണ്.

### മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

### റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

### റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) <u>സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ</u>

(2012 ജൂൺ 22-ാം തീയതി ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച - തുടർച്ച)

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച പുതിയ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ട തർക്കങ്ങളെ അതിജീവിക്കാനും പുതിയ ഡാമിന്റെ നിർമ്മാണത്തിന് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ തുടക്കം കുറിക്കാനും കഴിയും.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്</u>): താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"കാലപ്പഴക്കവും തുടർച്ചയായി ഉണ്ടാകുന്ന ഭൂകമ്പ ഭീഷണിയും അതിവൃഷ്ടിയുംമൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കും ഡാമിന്റെ നിലനിൽപ്പിനും അതീവ ഗുരുതരമായ ഭീഷണി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ലക്ഷക്കണക്കിന് ജനങ്ങളുടെ സുരക്ഷയെക്കരുതി പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു. പുതിയ ഡാമിന്റെ നിർമ്മാണം വരെ നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി ജലനിരപ്പ് 36.573 മീറ്റർ (120 അടി) ആയി താഴ്ത്തുവാൻ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പുതിയ ഡാമിന്റെ നിർമ്മാണത്തെത്തുടർന്ന് നിലവിൽ നൽകുന്ന

അതേ അളവിൽ തന്നെ തമിഴ്നാടിന് വെള്ളം ലഭ്യമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണെന്നും 'കേരളത്തിന് സുരക്ഷ - തമിഴ്നാടിന് ജലം' എന്ന സമീപനത്തിൽ കേരളം ഉറച്ചുനിൽക്കുമെന്നും കേരള നിയമസഭ അസന്നിഗ്ദ്ധമായി ഉറപ്പുനൽകുന്നു". 2011 ഡിസംബർ 9-ന് നിയമസഭ പാസ്സാക്കിയ പ്രമേയം ഇതിനോട് സാമ്യമുള്ളതാണ്. ഇത് പാസ്സാക്കിത്തരണ മെന്നഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും രജിസ്ട്രേഷനും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പ്രമേയം പാസാക്കി ത്തരണമെന്നഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്തെ വിദേശ നിക്ഷേപം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: "കേരളത്തിൽ റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്ത് നേരിട്ടുള്ള വിദേശ നിക്ഷേപം (FDI) അനുവദിക്കരുതെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: വിദേശ നിക്ഷേപം അനുവദി ക്കുന്നതുമൂലം പരമ്പരാഗത ഗ്രാമീണ ചെറുകിട വ്യാപാര രംഗം തകരാനിട യാകും. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എടുത്ത തീരുമാനം തൽക്കാലം മരവിപ്പിച്ചെങ്കിലും അപകട ഭീഷണി നിലനിൽക്കുന്നുണ്ട്. കുത്തകകൾ

ഗ്രാമീണ കർഷകരുടെ ഉൽപ്പന്നങ്ങളെ കൈവശമാക്കുകയും വിലനിയ ന്ത്രണം ഏറ്റെടുക്കുകയും ചെയ്താൽ ഉത്പാദകനും ഉപഭോക്താവിനും ഒരുപോലെ നഷ്ടം സംഭവിക്കുകയും ചൂഷണത്തിനിരയാവുകയും ചെയ്യും. വിദേശനിർമ്മിതമായ ഗുണമേന്മയില്ലാത്ത വസ്തുക്കൾ വിപണിയിലി റക്കിയാൽ പരമ്പരാഗത തൊഴിലാളികൾ തൊഴിൽരഹിതരാവുകയും തൊഴിൽ സാധ്യതകൾ കുറയുകയും ചെയ്യും. റീട്ടെയിൽ മേഖലയിൽ വിദേശ നിക്ഷേപം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഈ മേഖലയെ നിലനിർത്തണമെന്ന് ഊന്നിപ്പറയുന്നുണ്ട്. വിദേശ കുത്തകകൾക്ക് മൂലധനമിറക്കാൻ അനുവാദം കൊടുത്ത പല രാജ്യങ്ങളിലേയും സ്ഥിതികൂടി വിലയിരുത്തിയതിനു ശേഷംമാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ പാടുള്ളൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: പ്രമേയത്തെ പിന്താങ്ങുന്നു. ലോകമെമ്പാടുമെന്നപോലെ ഇൻഡ്യയിലും മൾട്ടിനാഷണൽ കമ്പനികൾ റീട്ടെയിൽ മാർക്കറ്റിൽ പ്രവേശിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്ത് എഫ്.ഡി.ഐ. സ്വീകരി ക്കണമെന്ന നിലപാട് ആദ്യം സ്വീകരിച്ചെങ്കിലും പിന്നീട് അത് ഓപ്ഷ ണലാക്കി മാറ്റാൻ തീരുമാനമെടുക്കുകയുണ്ടായി. ഷോപ്പ്-പീപ്പിൾ ഡെൻസിറ്റി കൂടുതലായ ഇൻഡ്യയിലെ റീട്ടെയിൽ മേഖലയിലേയ്ക്ക് വൻകിട കുത്തകകളെ കടന്നുവരാനനുവദിച്ചാൽ വലിയ പ്രത്യാഘാതങ്ങളുണ്ടാകും. സംസ്ഥാന മുഖ്യമന്ത്രിയും യു.ഡി.എഫ്.-ഉം കേരളത്തിലെ റീട്ടെയിൽ മാർക്ക റ്റിംഗ് രംഗത്ത് എഫ്.ഡി.ഐ. വേണ്ടെന്ന തീരുമാനമാണെടുത്തിട്ടുള്ളത്. റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്ത് വൻകിടക്കാർ കടന്നുവന്ന രാജ്യങ്ങളിലെല്ലാം ചെറുകിട വ്യാപാര മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. അങ്ങനെ

യുള്ള രാജ്യങ്ങൾ കർശനമായ നിയമങ്ങളും ലൈസൻസിംഗ് റെഗുലേഷൻസും സോണിംഗും കൊണ്ടുവരുകയും സൂപ്പർ മാർക്കറ്റുകളെ കർശനമായി നിയന്ത്രിക്കത്തക്ക നിലയിലുള്ള നിയമനിർമ്മാണങ്ങളും കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഇക്കാര്യത്തിലുള്ള നിലപാട് ശരിയല്ലെന്ന സംസ്ഥാനത്തിന്റെ അഭിപ്രായം രേഖപ്പെടുത്തിയത് സ്വാഗതാർഹമാണ്. ലോകമെമ്പാടും കാർഷികോൽപാദനത്തിൽ കുറവ് വന്നിട്ടുള്ള സാഹചര്യത്തിൽ ഈ മേഖലയിൽ വൻകിടക്കാരുടെ കുത്തക അനുവദിച്ചാൽ ഭാവിയിൽ ഭക്ഷ്യസാധനങ്ങൾക്കുവേണ്ടി അവരെ ആശ്രയിക്കേണ്ട അവസ്ഥയുണ്ടാകും. ജനങ്ങൾക്ക് ഗുണകരമായ സാമ്പത്തിക പരിഷ്ക്കാരങ്ങളാണ് സംസ്ഥാനത്ത് ആവശ്യമായിട്ടുള്ളത്.

<u>ശ്രീ. എം. ചന്ദ്രൻ</u>: സംസ്ഥാനത്ത് ചില്ലറവ്യാപാരമേഖലയിൽ ഉപജീവനം തേടുന്നവരെ തകർക്കുന്ന സമീപനമാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. വിദേശ ബഹുരാഷ്ട്ര കുത്തകകൾ ഇൻഡ്യയിൽ പ്രവേശിക്കാനിടയായാൽ ഇൻഡ്യയിലെ കാർഷികോൽപ്പന്നങ്ങൾ മുഴുവൻ കയ്യടക്കി അവർ നിശ്ചയിക്കുന്ന വിലയ്ക്ക് വിറ്റഴിച്ചാൽ കാർഷിക മേഖല തകർച്ചിയലേക്ക് നീങ്ങുമെന്നുള്ളതിനാൽ അത് അനുവദിക്കാൻ പാടില്ല.

<u>ശ്രീ. എ. പ്രദീപ് കുമാർ :</u> താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആരംഭത്തിൽ "ലക്ഷക്കണക്കിന് ചെറുകിട കച്ചവടക്കാരുടെ നിലനിൽപ്പ് അപകടത്തിലാകുമെന്നതിനാൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"നിക്ഷേപം" എന്ന വാക്കിനു ശേഷമുള്ള ഭാഗത്തിനുപകരം താഴെപ്പറയും പ്രകാരം ചേർക്കുക.

"ലക്ഷക്കണക്കിന് ചെറുകിട കച്ചവടക്കാരുടെ നിലനിൽപ്പ് അപകടത്തിലാക്കുന്നതിനാൽ അനുവദിക്കരുതെന്നും ഇക്കാര്യത്തിൽ കേരള സർക്കാർ നൽകിയ ശുപാർശ പിൻവലിക്കണമെന്നും ഈ സഭ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു." എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രമേയത്തെ അനുകൂലിക്കുന്നു. വിദേശ കുത്തകകൾ ചില്ലറവിൽപ്പന രംഗത്ത് കടന്നുവന്നാൽ മുൻകൂറായി പണമൊന്നും നൽകാതെ തന്നെ ഷോപ്പുകളിൽ ആവശ്യമായ ഉൽപ്പന്നങ്ങൾ കമ്പനികൾ എത്തിച്ചുകൊടുക്കുകയും അത് വിറ്റ് കമ്മീഷൻ പറ്റിയതിനു ശേഷം വില കൊടുത്താൽ മതിയെന്ന സൗകര്യം വരികയാണ്. ചെറുകിട കച്ചവടക്കാരെ ഇത് ദേഷകരമായി ബാധിക്കുമെന്നതിനാൽ ഈ വിഷയം ഗവൺമെന്റ് ഗൗരവമായി കാണണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: ചെറുകിട വ്യാപാര മേഖലയിൽ കോർപ്പറേറ്റുകളെ പ്രവേശിപ്പിക്കുന്നത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരം കോർപ്പറേറ്റുകളെ എൽപ്പിക്കുന്നതിന് തുല്യമാണ്. ഈ പ്രമേയം ഭേദഗതികളോടെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. എൻ. ജയരാജ്: പ്രമേയത്തെ അനുകൂലിക്കുന്നു. വിദേശ കുത്തകകൾ ചില്ലറവിൽപ്പന രംഗത്ത് കടന്നുവന്നാൽ അത് സാമൂഹ്യജീവിത

ത്തെയും ചെറുകിട വ്യാപര മേഖലയേയും ദോഷകരമായി ബാധിക്കുമെന്നുള്ളതിനാൽ ഈ വിഷയം ഗൗരവമായി കാണണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്ത് നേരിട്ടുള്ള വിദേശനിക്ഷേപം കൊണ്ടുവരുന്നതിന് കേരളം എതിരാണെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. അതാത് സംസ്ഥാനങ്ങൾക്ക് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം കേന്ദ്രം നൽകിയിട്ടുണ്ട്. കേരളത്തിലെ റീട്ടെയിൽ രംഗം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ഗവൺമെന്റിന്റെ കൂടി ഇടപെടലോടുകൂടി റീട്ടെയിൽ മേഖലയിൽ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യമായതിനാൽ ഒരു കാരണവശാലും നടപ്പാക്കില്ല. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കാവുന്നതാണ്.

ഭേദഗതികൾ നിരാകരിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ ഉച്ചയക്കുശേഷം 12.30-ന് പിരിഞ്ഞു.

**********